കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എളവള്ളി ഗ്രാമപഞ്ചായത്ത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി5) 1844/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ : 0487 2331249
e-mail : dotsr.ksad@kerala.gov.in
തീയതി : 17/01/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എളവള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :എളവള്ളി ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ലെ 2-7, 3-25 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി5)1844/2018 തീയ്യതി: 17/01/2019

# തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.17 മുതൽ 08.10.2018 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.18 മുതൽ 30.11.18 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | തുളസീദാസ്.വി.ജി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ഹണി കെ എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷൈനി കൃഷ്ണദാസ് ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ലിഷ കെ വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഇദ്രിസ് അബ്ദുള്ള.എസി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| യു കെ ലതിക | 01/04/2017 മുതൽ 31.3.18 വരെ |

സെക്രട്ടറി

| | |
|---|---|
| പ്രേമരാജൻ .ടി.എ | 1-4-17 മുതൽ 2.6.17വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് -മായാദേവി .കെ | 3.6.17 മുതൽ 5.06.17 വരെ |
| ടി .വി.ശിവദാസൻ | 6.6.17 മുതൽ 14.11.17 വരെ |
| സെക്രട്ടറി ഇൻ ചാർജ്ജ് -മായാദേവി .കെ | 15.11.17 മുതൽ 22.11.17 വരെ |
| ശ്രീകാന്ത് പി.എസ്. | 23.11.17 മുതൽ 31.3.18 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | മായാദേവി .കെ | 1.4.17 മുതൽ 31.3.18 വരെ |
| അസി.എഞ്ചിനീയർ | സുജ ജോർജ്ജ് | 1.4.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | സുജീഷ്. എസ് | 1.4.17 മുതൽ 11.4.17 വരെ |
| | ഇന്ദു .വി.കെ. | 12.4.17 മുതൽ 5.8.17 FN വരെ |
| | റിയ ജോസഫ് | 5.8.17AN മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ(പി എച്ച് സി) | ഡോ.ഗ്രീഷ്മ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ജിജി ജോസ്.കെ | 01.04.17 മുതൽ 31.3.18 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.മിനി.വി.ആർ | 01.04.17 മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.എം.എച്ച്.അൻഷാദ് | 01.04.17 മുതൽ 31.03.18 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ഉഷ.കെ .എസ് | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ്മിസ്ട്രസ് | ഉഷ.കെ.ടി(റിട്ട) | 01.04.17 മുതൽ 31.03.18 വരെ |
| വി ഇ ഒ (ബ്രഹ്മകുളം സർക്കിൾ) | സനൽ കുമാർ | 01.04.17 മുതൽ 14.11.17 വരെ |
| വി ഇ ഒ | ഒഴിവ് | 15-11-17 മുതൽ 31.03.18 വരെ |
| ലേഡി വി ഇ ഒ (വാക സർക്കിൾ) | ലിൻഷ.എം | 01.04.17 മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജിഷ.കെ ജി | 01.04.17 മുതൽ 24.11.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ) | ഒഴിവ് | 25.11.17 മുതൽ 31.3.18 വരെ |
| ക്ഷീര വികസന ഓഫീസർ | വീണ.എൻ | 01.04.17 മുതൽ 19.07.17 വരെ |
| | ആമിന.പി ബി | 20.7.17 മുതൽ 31.3.18 വരെ |

<u>ഉള്ളടക്കം</u>

| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം 2 | | |
| 13 | സ്ഥാപന തൊഴിൽ നികുതി-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക ഈടാക്കി. | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-2 |
| 15 | ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങൾ വ്യത്യസ്ത ഭാഗങ്ങളായി നികുതി നിർണ്ണയിച്ച-പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 |
| 16 | വസ്തു നികുതിയോടൊപ്പം സേവന ഉപ നികുതി ചുമത്തുന്നില്ല | 2-4 |
| 17 | പെർമിറ്റ്എടുക്കാതെ കെട്ടിട നിർമ്മാണം റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് | 2-5 |
| 18 | ലേലം-പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം റവന്യൂ റിക്കവറി നടപടികൾ വേഗത്തിലാക്കേണ്ടതാണ് | 2-6 |
| 19 | ബസ്സ് സ്റ്റാന്റ് ഷോപ്പിംങ് കോംപ്ളക്സ്,വനിത വ്യവസായ എസ്റ്റേറ്റ് വാടക-ബൈലോക്ക് നാളിതു അംഗീകാരം ലഭിച്ചിട്ടില്ല. | 2-7 |
| 20 | പെർമിറ്റ് രജിസ്ററർ - അപാകതകൾ | 2-8 |
| 21 | ക്രിമറ്റോറിയം-സർക്കാർ അംഗീകരിച്ച ബൈലോ നിലവിലില്ല. | 2-9 |
| 22 | ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ 99,900/- രൂപ പഞ്ചായത്തിന് ഇനിയും ലഭ്യമായില്ല. | 2-10 |
| ഭാഗം 3 | | |
| 23 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം - ക്രമപ്രകാരമല്ല | 3-1 |
| 24 | സംയുക്ത പ്രോജക്റ്റ് - മാനദണ്ഡങ്ങൾ പാലിച്ചില്ല. | 3-2 |
| 25 | മൂക്കോല ചെക്ക് ഡാം നിർമ്മാണം - വിനിയോഗ, പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 8ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-3 |
| 26 | ആസ്തി സംരക്ഷണം - പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല. | 3-4 |
| 27 | ഭവനനിധി രൂപീകരിച്ചിട്ടില്ല. | 3-5 |
| 28 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് --- സംയുക്തപരിശോധന നടത്തിയിട്ടില്ല. | 3-6 |
| 29 | തെരുവുവിളക്ക് റിപ്പയർ -- അപാകതകൾ | 3-7 |
| 30 | വാഹനപരിപാലനം അപാകതകൾ | 3-8 |
| 31 | വാഹനത്തിന് ടയർ വാങ്ങൽ -- ബൈബാക്ക് ഓഫർ ഉപയോഗപ്പെടുത്തിയില്ല. | 3-9 |

| | | |
|---|---|---|
| 32 | പട്ടികജാതിക്കാരായ പെൺകുട്ടികൾക്ക് വിവാഹധനസഹായം- അധിക തുക അനുവദിച്ചു. | 3-10 |
| 33 | സമഗ്രനെൽകൃഷി വികസനം- വിതരണ സ്റ്റേറ്റുമെന്റുകൾ ഹാജരാക്കിയിട്ടില്ല | 3-11 |
| 34 | ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി- വകുപ്പ് വിഹിതം ലഭിച്ചില്ല | 3-12 |
| 35 | എസ്.എസ്.എ വിഹിതം- അനുവദനീയമായതിനേക്കാൾ അധികം ചെലവഴിച്ചു | 3-13 |
| 36 | വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെ ആനുകൂല്യം നൽകി | 3-14 |
| 37 | പ്രത്യേക കന്നുകുട്ടിപരിപാലനപരിപാടി | 3-15 |
| 38 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ. | 3-16 |
| 39 | ഹോംകോയിൽ നിന്നും മരുന്ന് വാങ്ങൽ | 3-17 |
| 40 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-18 |
| 41 | വാഹനറിപ്പയർ-- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 3-19 |
| 42 | കുടിവെള്ള പദ്ധതികൾ-- ജലനിധി പദ്ധതി നടപ്പാക്കിയതിന് ശേഷവും തുക ചെലവഴിക്കുന്നു. | 3-20 |
| 43 | കുടിവെള്ളവിതരണം --അപാകതകൾ | 3-21 |
| 44 | ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 3-22 |
| 45 | ഉൽപാദനബോണസ് വിതരണം ചെയ്തിട്ടില്ല | 3-23 |
| 46 | അർഹതയുള്ള ജീവനക്കാർക്ക് ബോണസ് അനുവദിച്ചിട്ടില്ല | 3-24 |
| 47 | ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല | 3-25 |
| | ഭാഗം 4 | |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 55 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 58 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 59 | അനുബന്ധം-2-ഓഡിറ്റ് സംക്ഷിപ്തം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30/03/2017 തീയതിയിലെ1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14/03/2018 തീയതിയിലെ 32/18-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 06/06/18 | - | 22/06/2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 02/7/18 -03/7/18 | ടി.എസ്.ആർ ഇ3/1150 /18(21)തിയ്യതി 13-7-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5172220 |
| വരവ് | 121676867 |
| ആകെ | 126849087 |
| ചെലവ് | 116102505 |
| നീക്കിയിരിപ്പ് | 10746582 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13633033 | 13633033 | 13583033 | 50000 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 4948976 | 4948976 | 3477060 | 1471916 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 10996 | 10996 | 0 | 10996 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 18947648 | 18947648 | 18947648 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2989904 | 2989904 | 2416344 | 573560 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9799687 | 9799687 | 8567890 | 1231797 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | | | | |
| സാക്ഷരത | 1303 | 161300 | 162603 | 161815 | 788 |
| ദുരിതാശ്വാസനിധി | - | | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി + മെറ്റീരിയൽ കോസ്റ്റ് | 0 | 7471341 | 7471341 | 7471341 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 21543 | 532513 | 554056 | 535697 | 18359 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- (ഐ.സി.ഡി.എസ്) | | 63510 | 534183 | 597693 | 228970 | 368723 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | | 0 | 360000 | 360000 | 360000 | 0 |
| തൊഴിൽ രഹിത വേതനം | | 0 | 49680 | 49680 | 49680 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 5916400 | 5916400 | 5916400 | 0 |
| വിധവ പെൻഷൻ | | 0 | 12611600 | 12611600 | 12611600 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 25114200 | 25114200 | 25114200 | 0 |
| വികലാംഗ പെൻഷൻ | | 0 | 3196500 | 3196500 | 3196500 | 0 |
| 50 വയസ്സിന മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | 0 | 1488800 | 1488800 | 1488800 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 37004 | 2149900 | 2186904 | 816000 | 1370904 |
| | ജില്ലാ പഞ്ചായത്ത് | 0 | 400000 | 400000 | 400000 | 0 |
| തനത് ഫണ്ട് | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 96943 | 20413710 | 20510653 | 18742643 | 1768010 |
| | ചിറ്റാട്ടുകര സർവ്വീസ് സഹകരണബാങ്ക് | 2686366 | 38324 | 2724690 | 2697382 | 27308 |
| | ട്രഷറി അക്കൗണ്ട് | 2161699 | 9771234 | 11932933 | 6336378 | 559655 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 81387943 | 138 | 50765588 | 52 | 17 | 67 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21543 | 532513 | 554056 | 535697 | 18359 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (വേതനം)+ മെറ്റീരിയൽ കോസ്റ്റ് | - | 7471341 | 7471341 | 7471341 | - |
| വേതനേതരം | - | | | | - |

# 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 49680 | 113 |
| കർഷകതൊഴിലാളി പെൻഷൻ | 5916400 | 516 |
| വിധവാപെൻഷൻ | 12611600 | 1065 |
| വാർദ്ധക്യകാലപെൻഷൻ | 25114200 | 1990 |
| വികലാംഗപെൻഷൻ | 3196500 | 284 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1488800 | 126 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 360000 | 12 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28/11/2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31,479/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന കാര്യങ്ങൾകൂടി ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ടാക്സ് അസസ്സ്മെന്റിന്റെ വിവരങ്ങൾ ചേർക്കേണ്ടതും, അല്ലാത്ത പക്ഷം ബിൽഡിംഗ് പെർമിറ്റ് പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ചേർത്ത് ആധികാരികമാക്കേണ്ടതാണ്.

2. ന്യൂ ബിൽഡിംഗ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ എഴുതാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ആവർത്തന ചെലവ് രേഖപ്പെടുത്തുന്ന കണ്ടിജന്റ് രജിസ്റ്റർ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നില്ല.

4. പഞ്ചായത്തിൽ ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണം ഇനം തിരിച്ച് സൂക്ഷിച്ചിട്ടില്ല. കൂടാതെ, കുടിവെള്ള പദ്ധതികളുടെ എണ്ണവും പഞ്ചായത്തിൽ ലഭ്യമല്ല.

5. പർച്ചേസ് ബില്ലിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തുന്നില്ല. മാത്രമല്ല, സ്റ്റോക്ക് രജിസ്റ്ററിൽ ആസ്തിയുടെ മൂല്യം ചേർക്കുന്നില്ല.

6. തൊഴിലുറപ്പ് പദ്ധതിക്കായി സാധന സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ നടത്തുമ്പോൾ ലഭിക്കുന്ന EMD, SD എന്നിവ രേഖപ്പെടുത്തുന്നതിനും, ടെണ്ടറിനും കരാർ കാലാവധിക്കും ശേഷം ഇവ തിരികെ നല്കുമ്പോൾ ആയത് രേഖപ്പെടുത്തുന്നതിനും നിലവിൽ സംവിധാനമില്ല.
7. ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം, ടച്ച് സ്ക്രീൻ സൗകര്യം എന്നിവ ഏർപ്പെടുത്തണം.
8. സ്ഥാപന സോഫ്റ്റ് വെയറിൽ നിലവിൽ Previous reports കൃത്യമല്ല. വെരിഫിക്കേഷൻ, അപ്രൂവൽ സൗകര്യങ്ങളുമില്ല.
9. സകർമ സോഫ്റ്റ് വെയറിൽ ഒരു മീറ്റിംഗ് മാറ്റി വെച്ചാൽ ആ മീറ്റിംഗിൽ അജണ്ടയായി ഉൾപ്പെടുത്തിയവ അടുത്ത മീറ്റിംഗിൽ വീണ്ടും ഉൾപ്പെടുത്തേണ്ടി വരുന്നു.
10. വാഹനങ്ങളുടെ ലോഗ് ബുക്ക് മുഴുവൻ വിവരങ്ങളും ചേർത്ത് സാക്ഷ്യപ്പെടുത്തി പരിപാലിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/11/2018 മുതൽ 9/11/18 വരെ | ഒക്ടോബർ/18 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/8/17 മുതൽ 15/9/17 വരെ | 2012-13to2016-17 | 17/11/17 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക കണക്കുകളിൽ Capital work in progress ആയി ഒന്നുംതന്നെ ചേർത്തിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്റ്റ് രജിസ്റ്റർ പ്രകാരം പാർട്ട് ബില്ലായി ₹22,93,487/- രൂപ 17-18-ൽ നൽകിയിട്ടുണ്ട്.

2. സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക്, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ പ്രകാരം പ്രോജക്റ്റ് നമ്പർ 197/18-ൽ ₹2,80,000/- ഐ.ആർ.ടി.സി.ക്ക് അഡ്വാൻസ് നൽകിയത് ബാലൻസ്ഷീറ്റിൽ ചേർത്തിട്ടില്ല.

3. പഞ്ചായത്തിന് നിക്ഷേപമായി ₹13,800/- ഉണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. ആസ്തികളുടെ മൂല്യം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റ് പ്രകാരം ₹9,81,70,300/- ഉണ്ട്.

5. ചിറ്റാട്ടുകര സർവീസ് കോപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് റീകൺസീലിയേഷൻ പത്രികയിലെ ₹2,200/- രൂപ ചെക്കുകൾ കാലഹരണപ്പെട്ടവയാണ്. ആയത് "liability in respect of stale cheque"

ആയി മാറ്റിയിട്ടില്ല.

അക്കൗണ്ട് നമ്പർ 2595

| ക്രമ നം | ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 05538/ 28.4.17 | 600 |
| 2 | 05539/ 28.4.17 | 600 |
| 3 | 01905/ 21.12.16 | 1000 |
| | | 2200 |

6. വസ്തു നികുതി - സഞ്ചയ – സാംഖ്യ പത്രികകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക പ്രകാരം കുടിശ്ശിക ഡിമാന്റ് (ഗാർഹികം) - 16,36,964/-

സഞ്ചയ പ്രകാരം കുടിശ്ശിക ഡിമാന്റ് - 13,89,178/-

വാർഷിക കണക്ക പ്രകാരം ഗാർഹികേതരം കുടിശ്ശിക ഡിമാന്റ് - ഇല്ല.

സഞ്ചയ പ്രകാരം ഗാർഹികേതരം കുടിശ്ശിക ഡിമാന്റ് - 11,60,158/-

മാത്രമല്ല സഞ്ചയ-സാംഖ്യ പത്രികകൾ തുലനം ചെയ്യുന്നതിന വേണ്ടി "prior period item I-18 ഷെഡ്യൂൾ പ്രകാരം 3,08,068/- രൂപയും, -8,36,950/- രൂപയും ചേർത്തിട്ടുണ്ട്. ₹3,08,068/- മുൻകൂർ ഇനത്തിൽ ക്രിയേറ്റ് ചെയ്തിട്ടുണ്ട്.

7. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല.

മുന്നിരിപ്പ് - നീക്കിയിരുപ്പ്

തുകകളുടെ വ്യത്യാസം - 55,74,362/-

(Net increase in cash)

Net cash generated - 23,401/-

ആയതിനാൽ കാഷ് ഫ്ലോ പത്രിക കൃത്യമല്ല.

8. വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62(7))

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന്

## തുക ഈടാക്കി.

ചിറ്റാട്ടുക്കര സർവീസ് സഹകരണ ബാങ്ക് എന്ന സ്ഥാപനത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി(8/27-11-18)യെ തുടർന്ന് 27/11/2018 ലെ 118030104423 നംമ്പർ രശീതി പ്രകാരം 2,775/- രൂപ സ്ഥാപന തൊഴിൽ നികുതി അടവാക്കി.

ചിറ്റാട്ടുക്കര കുറീസ് എന്ന സ്ഥാപനത്തിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിലെ ആദ്യ പകുതിയിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 27/11/2018 ലെ 118030103283 നമ്പർ രശീതി പ്രകാരം 1,280/- രൂപ സ്ഥാപന തൊഴിൽ നികുതി അടവാക്കി.(ഓഡിറ്റ് എൻക്വയറി-8/27-11-2018)

## 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മദ്രേസ്സ് കോളേജ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(8/27-11-2018) ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 2-3 ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടങ്ങൾ വ്യത്യസ്ത ഭാഗങ്ങളായി നികുതി നിർണ്ണയിച്ചു-പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ രജിസ്ററർ പ്രകാരം ശ്രീ.കമാലുദ്ദീൻ മുതൽ പേർ എന്നവരുടെ ഉടമസ്ഥതയിലുള്ള 709m2 വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് (വാർഡ് നം-13) ബഹു. കേരള ഹൈക്കോടതിയുടെ WP(C)1345/2018 (P) തീയ്യതി 15-1-18 പ്രകാരമുള്ള ഉത്തരവിൻ പ്രകാരം പ്രൊവിഷണൽ നമ്പർ നൽകുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അനധികൃത കെട്ടിട ഗണത്തിൽ ഉൾപ്പെടുത്തി U/Aനമ്പർ അനുവദിച്ച് വസ്തു നികുതി ചുമത്തിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, 2-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് വിഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒരുമിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. എളവള്ളി ഗ്രാമപഞ്ചായത്തിൽ 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ. 30/- രൂപയും 100 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50/- രൂപയായും 200 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 70/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 235(FF)പ്രകാരം ഒരു കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിയ്ക്കപ്പെട്ടാൽ ആയതിനെതിരെ സ്വീകരിയ്ക്കേണ്ട തുടർ നടപടികൾക്ക് ഭംഗം വരാതെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക വസ്തു നികുതിയായി ഈടാക്കണമെന്ന് നിഷ്കർഷിയ്ക്കുന്നു. എന്നാൽ നികുതി നിർണ്ണയ രേഖകൾ സഞ്ചയയിലെ form6, പെർമിറ്റ് അപേക്ഷ, കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 200 ച.മീക്ക് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള വാണിജ്യ കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക്

ബാധകമാകുന്ന ഉയർന്ന നിരക്ക് (ച.മീക്ക് 70/- രൂപ) ഈടാക്കുന്നതിന് പകരം 100 ച.മീ.യിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 30/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കുകയും ചെയ്തിരിക്കുന്നത്.മേൽ പ്രകാരം നികുതി നിശ്ചയിക്കുമ്പോൾ 709.12*70*3+ലൈബ്രറി സെസ് എന്ന നിരക്കിനു പകരം 709.12*30*3+ലൈബ്രറി സെസ് എന്ന നിരക്കിലാണ് നികുതി നിശ്ചയിച്ചിരിയ്ക്കുന്നത്. അപാകത പരിഹരിയ്ക്കേണ്ടതാണ്.

## 2-4 വസ്തു നികുതിയോടൊപ്പം സേവന ഉപ നികുതി ചുമത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർ ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിൻെറയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിൻെറ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും, ഡ്രയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പഞ്ചായത്തിന് തീരുമാനമെടുക്കാവുന്നതാണ്.

## 2-5 പെർമിറ്റ്എടുക്കാതെ കെട്ടിട നിർമ്മാണം - റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്

പെർമിറ്റ്എടുക്കാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയവരിൽ നിന്നും റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വ്യക്തിയുടെ പേര് | കെട്ടിടത്തിൻെറ വിസ്തീർണ്ണം | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | ഈടാക്കേണ്ട റഗുലറൈസേഷൻ ഫീസ് | ആകെ ഈടാ ക്കേണ്ടത് | ഈടാ ക്കിയത് | കുറവ് |
|---|---|---|---|---|---|---|
| ശശിധരൻ, പുല്ലാനി പറമ്പത്ത്, എളവള്ളി | 100.54 | 301.62 | 603.24 | 905 | 606 | 299 |
| റോസ,W/o അന്തോണി, പുലിക്കോട്ടിൽ, ചിറ്റാട്ടുകര | 86.91(വാണിജ്യം) | 434.55 | 869.1 | 1304 | 870 | 434 |
| അഷ്റഫ് &ഷമീജ,പുതുവീട്ടിൽ ഹൗസ്,കയണയിൽ,കേച്ചേരി | 192.92 | 578.76 | 1157.52 | 1736 | 1158 | 578 |
| വിജയൻ,S/Oവേലുക്കുട്ടി, മാണിക്കത്ത്,പൂവത്ത് | 126. | 378 | 756 | 1134 | 756 | 378 |
| ലെനി ലിൻറോ, കൊള്ളന്നൂർ ,ചിറ്റാട്ടുകര | 177.34 | 532.02 | 1064.04 | 1596 | 1064 | 532 |

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം, ചട്ടം 135(3), (4) എന്നിവ പ്രകാരം ക്രമ വൽകരണ നടത്തേണ്ടുന്ന സംഗതികളിൽ പെർമിറ്റ് ഫീസിനൊപ്പം ആയതിൻെറ ഇരട്ടി രാജിയാക്കൽ ഫീസ് ആയി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ സങ്കേതം സോഫ്റ്റ് വെയറിൽ ഇരട്ടി റഗുലറൈസേഷൻ ഫീസ് മാത്രമാണ് ഈടാക്കുവാൻ സാധിയ്ക്കുന്നത്. പെർമിറ്റ് ഫീസ് ഈടാക്കുവാൻ കഴിയുന്നില്ല. അപാകത പരിഹരിയ്ക്കേണ്ടതാണ്.

## 2-6 ലേലം- പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം റവന്യൂ റിക്കവറി നടപടികൾ വേഗത്തിലാക്കേണ്ടതാണ്

16-06-2017 ലെ പഞ്ചായത്ത് കമ്മിറ്റി അജണ്ട :9 പ്രകാരം വാക -കൊരാത തോട് മത്സ്യം പിടിക്കുന്നതിന് ലേലം ചെയ്തിരുന്നെങ്കിലും മത്സ്യം പിടിക്കാൻ സാധിക്കാത്തതിനാൽ ലേല തുകയായ 10,000/- രൂപ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി തരണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ശ്രീ.ധർമരാജൻ.കെ.വിയുടെ അപേക്ഷ പരിഗണിക്കേണ്ടതില്ല എന്നും ടി തുക അടവാക്കുന്നതിനായി റവന്യൂ റിക്കവറി നടപടി എടുക്കുന്നതിനും ഭരണ സമിതി തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (17/ 28-11-2018) ക്ക് മറുപടിയായി ടിയാൾക്ക് ലേല തുക അടവാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ട് 04-05-2017 തീയതിയിൽ C1-111/15 നമ്പർ കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. എന്നാൽ ഇതിന് തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല. റവന്യൂ റിക്കവറി നടപടികൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 2-7 ബസ്സ് സ്റ്റാന്റ് ഷോപ്പിംങ് കോംപ്ലക്സ്, വനിത വ്യവസായ എസ്റ്റേറ്റ് വാടക-ബൈലോക്ക് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല- മറ്റ് അപാകതകൾ

അപാകതകൾ

1) 7.11.14ലെ ഭരണസമിതിയുടെ 146/14 നമ്പർ തീരുമാനപ്രകാരം കരട് ബൈലോ തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിനയക്കാൻ തീരുമാനിച്ചെങ്കിലും നാളിതുവരെ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

2)31.03.2018 ലെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിൽ 3,22,530/- രൂപ കുടിശ്ശികയുണ്ടായിരുന്നു. ആയതിൽ 2,55,030/- രൂപ 2018-19 സാമ്പത്തിക വർഷത്തിൽ ഈടാക്കിയെങ്കിലും, 13/437-I മുറിയുടെ വാടകക്കാരനായ ശ്രീ.വാസു ടി.കെ എന്നവർ 67,500/- രൂപ വാടക ഇനത്തിൽ അടവാക്കാനുണ്ട്. തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3)13 / 437 K ഹാളിന് 2015 ഓഗസ്റ്റ് 10 മുതൽ ചിറ്റാട്ടുക്കര സർവീസ് സഹകരണ ബാങ്കുമായി വാടക കരാർ വച്ചിട്ടുണ്ടങ്കിലും നാളിതുവരെ ടി ഹാളിന് വാടക ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി- (30/29-11-2018) ക്ക് ലഭിച്ച മറുപടി പ്രകാരം ടി ഹാളിന് പി.ഡബ്യൂ.ഡി നിരക്കിൽ 13,362/- രൂപ വാടകയായി 30-04-2018 തീയ്യതിയിൽ അസിസ്റ്റന്റ് എൻജിനിയർ നിശ്ചയിച്ച നൽകിയിട്ടുള്ളതാണ്. തുക മുൻകാല പ്രാബല്യത്തോടെ ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) 13 / 437 E മുറി പുനർ ലേലം, മുറി ലേലം കൊണ്ട ശ്രീ. മുസ്ലീം വീട്ടിൽ അഷ്റഫ് എന്നവർ എഗ്രിമെന്റ് വച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് അടച്ച് തുടർ നടപടികൾ സ്വീകരിക്കാത്തത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നതിനാൽ ആയതു പരിഹരിക്കുന്നതിന് പുനർ ലേലം ചെയ്യുന്നതിന് ഭരണ സമിതി തീരുമാനിച്ചിരുന്നു. (തീരുമാനം നമ്പർ 15/ 16-06-17). നിയമാനുസൃത നടപടികൾ സ്വീകരിച്ച് പുനർ ലേലം നടത്തി നഷ്ടം ഒഴിവാക്കേണ്ടതാണ്.

5) ബസ്സ് സ്റ്റാന്റ് ഷോപ്പിംങ് കോംപ്ലക്സിലെ 13/437-C മുറിയുടെ വാടകക്കാരനായ ശ്രീ.വർഗീസ് എൻ.പി എന്നവർ നാളിതു വരെ വാടക കരാർ സമർപ്പിച്ചിട്ടില്ല.

6)വാടക കരാർ പ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും വാടക അഡ്ജസ്റ്റ് ചെയ്തു നൽകുന്നു.

7) വാടക കരാറുകളിലെ വ്യവസ്ഥകൾക്ക് (കാലാവധി, സെക്യൂരിറ്റി ഡെപ്പോസിറ്റ്/ മുൻകൂർ )ഏകീകൃത രൂപമില്ല.

8)കാലാവധി കഴിഞ്ഞ വാടക കരാറുകൾ പുതുക്കിയിട്ടില്ല.
9)ബസ്സ് സ്റ്റാന്റ് ഷോപ്പിംങ് കോംപ്ലക്സിലെ കംഫർട്ട് സ്റ്റേഷൻ നാളിതു വരെ ഉപയോഗ യോഗ്യമാക്കി ലേലം ചെയ്തു നല്കിയിട്ടില്ല.
മേൽ അപാകതകൾ എത്രയും വേഗം പരിഹരിച്ച് വാടക പിരിവ് കുറ്റമറ്റ രീതിയിലാക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-8 പെർമിറ്റ് രജിസ്ററർ - അപാകതകൾ

1)പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

2) കംപ്ലീഷൻ വിവരങ്ങൾ, വീട്ടുനമ്പർ നൽകിയത് എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3)NOC രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ പ്രത്യേകം സൂക്ഷിച്ചിട്ടില്ല. പെർമിറ്റ് രജിസ്റ്ററിൽ ആണ് എഴുതുന്നത്. പലയിടത്തും റഗുലറൈസ് ചെയ്ത ഫയലാണോ എന്ന കാര്യം വ്യക്തമല്ല.

4) കാലാവധി കഴിഞ്ഞ പെർമിറ്റ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല.

## 2-9 ക്രിമറ്റോറിയം-സർക്കാർ അംഗീകരിച്ച ബൈലോ നിലവിലില്ല.

1998ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ)ചട്ടങ്ങൾ, ചട്ടം 12 പ്രകാരം ഗ്രാമ പഞ്ചായത്തിലെ ക്രിമറ്റോറിയത്തിന് ബൈലോ ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിന് ചട്ടപ്രകാരം ജില്ലാ കലക്ടറുടെ ലൈസൻസും ആവശ്യമാണ്. എന്നാൽ പഞ്ചായത്തിലെ ക്രിമറ്റോറിയത്തിന് സർക്കാർ അംഗീകരിച്ച ബൈലോ നിലവിലില്ല. ബൈലോ അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീരിക്കേണ്ടതാണ്.
ക്രിമറ്റോറിയവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ )ചട്ടങ്ങൾ, ചട്ടം 9 പ്രകാരം തയ്യാറാക്കേണ്ടതാണ്. കളക്ടറുടെ അനുമതി ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-10 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ 99,900/- രൂപ പഞ്ചായത്തിന് ഇനിയും ലഭ്യമായില്ല.

ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ ടെണ്ടർ ഫോം വിലയിനത്തിൽ 2016-17 വർഷം പഞ്ചായത്തിന് ലഭിക്കേണ്ട 61,800/- രൂപയും, 2017-18 വർഷം ലഭിക്കേണ്ട 38,100/- രൂപയും കൂടി ആകെ 99,900/-രൂപ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽനിന്നും ഇനിയും ലഭ്യമായിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാകാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം - ക്രമപ്രകാരമല്ല

ജി.ഒ.(എംഎസ്) നം.72/2017/ത.സ്വ.ഭ.വ തീ.29/3/17 മാർഗ്ഗരേഖ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന് വിശദമാക്കിയിട്ടുണ്ട്. എന്നാൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2017-18 വർഷങ്ങളിൽ നിരവധി പ്രവൃത്തികളിൽ ധനകാര്യ

കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതായി കാണുന്നു. ഇവയിൽ 2016-17 വർഷങ്ങളിലെ സ്പിൽ ഓവർ പ്രവൃത്തികളും 2017-18 വർഷത്തെ പുതിയ പ്രവൃത്തികളും ഉൾപ്പെടുന്നു. 2016-17 വർഷത്തിലും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ജി.ഒ. (എംഎസ്) 4/2016/ത.സ്വ.ഭ.വ തീ.11/1/16 ഉത്തരവുപ്രകാരം നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. എന്നാൽ 10/11/2017 ലെ സർക്കുലർ നം.1/859 /2017/ത.സ്വ.ഭ.വ പ്രകാരം റോഡ് സംരക്ഷണത്തിന്റേയും പരിപാലനത്തിന്റേയും ഭാഗമായി ടാറിംഗും കോൺക്രീറ്റിംഗും ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ഇവ അനുവദിക്കാവുന്നതാണെന്ന് പറയുന്നു. ഇത്തരത്തിൽ എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തലില്ലാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ച് മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ നടത്തിയത് ക്രമപ്രകാരമല്ല. തുടർ വർഷങ്ങളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-2 സംയുക്ത പ്രോജക്റ്റ് - മാനദണ്ഡങ്ങൾ പാലിച്ചില്ല.

ജി.ഒ.(എംഎസ്) നം. 72/2017/ത.സ്വ.ഭ.വ തീ.29/3/17 പ്രകാരം പഞ്ചായത്തിന് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി അജൈവമാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, അജൈവമാലിന്യ പുന:ചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങി നല്കാവുന്നതാണ്. എന്നാൽ മെറ്റീരിയൽ ഫെസിലിറ്റി സെന്റർ സ്ഥാപിക്കേണ്ടത് ബ്ലോക്ക് പഞ്ചായത്തുകളാണ്. എന്നാൽ പഞ്ചായത്തിൽ 2017-18 വർഷത്തിൽ മാലിന്യ സംസ്കരണത്തിന് വ്യവസായ എസ്റ്റേറ്റിൽ കെട്ടിടം (പ്രോജക്റ്റ് നം. 197/18) എന്ന പദ്ധതിക്കായി അടങ്കൽ തുകയായ 14ലക്ഷം രൂപയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമാണെങ്കിലും ഈ പദ്ധതി നടപ്പാക്കുന്നത് ഗ്രാമ പഞ്ചായത്താണ്. മുഴുവൻ വിഹിതവും ബ്ളോക്ക് പഞ്ചായത്തിന്റേതായതിനാൽ ഇതൊരു സംയുക്ത പ്രോജക്റ്റായി കണക്കാക്കാനുമാകില്ല. ആയതിനാൽ ഇത്തരത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഇത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-3 മൂക്കോല ചെക്ക് ഡാം നിർമ്മാണം - വിനിയോഗ, പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 8ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോ. നം.112/18 നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

ട്രഷറി ബിൽ നം. 78/8-3-18 Rs.8,00,000/-

മേൽ പദ്ധതിക്കായി ഇറിഗേഷൻ വകുപ്പിന്റെ തൃശ്ശൂർ ജില്ലാ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 713011400000221) 8 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി യാതൊരു പ്രവർത്തനവും നടന്നതായി കാണുന്നില്ല. വിനിയോഗ, പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 8 ലക്ഷം രൂപയുടെ ചെലവ് താല്ക്കാലികമായി തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി 21/28.11.2018)

## 3-4 ആസ്തി സംരക്ഷണം - പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.

ചിറ്റാട്ടുകര മാർക്കറ്റിനോട് ചേർന്നുള്ള 12 $^{1/2}$ സെന്റ് സ്ഥലം (ആസ്തി നം.17511005000000015), 30/11/2018 ന് നടത്തിയ സൈറ്റ് പരിശോധനയിൽ കാട്ടുപിടിച്ച് കിടക്കുന്നതായി കാണപ്പെട്ടു. ഈ സ്ഥലം വില്ലേജ് അധികാരികളുടെ സഹായത്താൽ അളന്ന് തിട്ടപ്പെടുത്തി സ്ഥിരമായ രീതിയിൽ

ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതും, എത്രയും വേഗം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടിയും ഉണ്ടാവേണ്ടതാണ്.

പൂവ്വത്തൂർ ബസ് സ്റ്റാൻഡിലെ കംഫർട്ട് സ്റ്റേഷൻ (2013-14 വർഷത്തിൽ 11,50,000/- രൂപ എംപി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചത്) നാളിതുവരെയായി ഉപയോഗപ്പെടുത്തുന്നതിനായിട്ടില്ല. കൂടാതെ നിലവിൽ ഇത് തുറന്നിട്ടിരിക്കുന്നതിനാൽ മറ്റ് അനാശാസ്യ പ്രവർത്തനങ്ങൾക്കും സാധ്യതയുണ്ട്. ഇതിനോട് ചേർന്നുള്ള പഞ്ചായത്ത് വെയിറ്റിംഗ് ഷെഡ്ഡും ഉപയോഗപ്പെടുത്തുന്നില്ല.

വ്യവസായ കേന്ദ്രത്തിലേക്കുള്ള റോഡ് വളരേ വീതി കുറവാണെന്നും ഇതിലൂടെ ലോറികൾക്കും മറ്റും കടന്നുപോകുന്നതിനു സാധ്യമല്ലെന്നും വ്യവസായ എസ്റ്റേറ്റിലെ വാടകക്കാർ അറിയിക്കുകയുണ്ടായി.

മേൽ പരാമർശിച്ചവ അപാകത പരിഹരിച്ച പ്രവർത്തനക്ഷമമാക്കുന്നതിന് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-5 ഭവനനിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ളതൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

## 3-6 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് --- സംയുക്തപരിശോധന നടത്തിയിട്ടില്ല.

തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് ഇനത്തിൽ പ്രതിമാസം പഞ്ചായത്ത് 64,562/- രൂപ അടവാക്കുന്നു.

a) പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കെ.എസ്.ഇ.ബി ലഭ്യമാക്കുന്ന ഇൻവോയ്സ് കാർഡ് ലഭ്യമാക്കാത്തതിനാൽ ഏതെല്ലാം ഇനത്തിലുള്ള തെരുവുവിളക്കുകൾക്ക് ഏത് നിരക്കിലാണ് ചാർജ് അടവാക്കുന്നതെന്ന് പരിശോധിക്കാനായിട്ടില്ല.

കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് മുഴുവനായും നടപ്പാക്കിയിട്ടില്ല.

b) പഞ്ചായത്ത് ഭരണസമിതിയുടെ 10.10.17 ലെ 18(1) നം.ആയി 1.4.14 മുതൽ 24.1.17 വരെ 3,95,990/- രൂപ വൈദ്യുതി ചാർജ് ഇനത്തിൽ കുടിശ്ശിക ഉള്ളതിൽ 66,000/- രൂപ പ്രതിമാസഗഡുവായി

അടവാക്കുന്നതിനും ബാക്കി തുക ഒന്നിച്ചടക്കുന്നതിനും തീരുമാനിച്ചു. KSEB യഥാസമയം ഡിമാന്റ് ചെയ്യാതിരുന്നതിനാലാണ് കുടിശ്ശിക ഉണ്ടായതെന്നാണ് ഭരണസമിതി തീരുമാനം. 2017-18 ലെ കുനംമൂച്ചി സെക്ഷൻ ഡിമാന്റ് നോട്ടീസുകളിൽ (10 കൺസ്യൂമർ നമ്പരുകളായി 10 നോട്ടീസുകൾ ഓരോ മാസവും ഉണ്ട്.) 39622, 39648, 39633, 39412, 39605, 39417 എന്നിങ്ങനെ കുടിശ്ശിക ഡിമാൻറ് ചെയ്തിട്ടുണ്ട്. മാത്രമല്ല കുനംമൂച്ചി KSEB അസിസ്റ്റന്റ് എഞ്ചിനീയറുടെ 17.3.17 ലെ KMCY/BB/SL/2016-17 കത്ത് പ്രകാരം 25.4.14 ന് തന്നെ DB/Streetlight/KMCY/16-14-15 നം.കത്തിൽ മീറ്റർ സ്ഥാപിച്ചിട്ടില്ലാത്ത തെരുവുവിളക്കുകളുടെ വിവരം കാണിച്ചുകൊണ്ട് പ്രതിമാസം 9,913/- രൂപ അടവാക്കുന്നതിനായി ഷെഡ്യൂൾ അടക്കം ലഭ്യമാക്കിയിട്ടുള്ളതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ബോർഡ് ഓർഡർ നം.2584/2014KSEB/TRAC/Tariff Rev 2014-15 dt.Tvpm 4.10.14 പ്രകാരം കറന്റ് ചാർജ് 16.8.14 മുതൽ 12,002/- രൂപ ആയി വർദ്ധിച്ചിട്ടുള്ളതാണ്. ബോർഡ് ആവശ്യപ്പെട്ട സമയത്ത് പഞ്ചായത്ത് ചാർജ് അടവാക്കിയിട്ടില്ല. ആയതിനാലാണ് ഉയർന്ന നിരക്ക് അടവാക്കേണ്ടി വന്നിട്ടുള്ളത്. മാത്രമല്ല എന്തുകൊണ്ടാണ് വർദ്ധനവ് ഉണ്ടായതെന്ന് ഉറപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ രേഖകളിൽ അടിസ്ഥാനവിവരം ഇല്ലാതിരുന്നതിനാലാണ് ഇപ്രകാരം ബോർഡ് ആവശ്യപ്പെടുന്ന തുക അടവാക്കേണ്ടിവരുന്നത്.

വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തി വൈദ്യുതി ചാർജ് അടവാക്കേണ്ടതാണ്.

# 3-7 തെരുവുവിളക്ക് റിപ്പയർ -- അപാകതകൾ

സെക്രട്ടറി നടപ്പാക്കിയ S019/18 തെരുവുവിളക്ക് റിപ്പയർ എന്ന പദ്ധതിക്കായി തൻവർഷം 4,59,830/- രൂപ ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾ

കരാറുകാരന്റെ അപേക്ഷപ്രകാരമാണ് തുക നൽകിയിട്ടുള്ളത്. പോസ്റ്റ് നം., വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, ഏത് കാലയളവ്, എന്ന വിവരങ്ങൾ ഇല്ല. അപേക്ഷയിൽ ഓരോ വാർഡിലെയും മെമ്പർമാരുടെ പേര് ചേർത്തിട്ടുണ്ട്. തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് കരാറുകാരൻ എന്തെങ്കിലും സാധനസാമഗ്രികൾ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ കേടുവന്ന ഉപകരണങ്ങൾ/ബൾബുകൾ പഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിക്കുകയോ ആരെങ്കിലും പരിശോധിക്കുകയോ അൺ സർവ്വീസബിൾ ആർട്ടിക്കിൾസ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

15.9.2011-ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 3055/ഡി.എ.3/2011 നമ്പർ സർക്കുലർ പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കലുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ കരാറുകാരൻ പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭിക്കുന്ന പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ കരാറുകാരൻ തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, വൈദ്യുതി ബോർഡിന്റെയോ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

തെരുവ് വിളക്ക് പരിപാലനത്തിന് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളതും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി.യുടെ നിരക്കിനേക്കാൾ അധികമാകാൻ പാടില്ലാത്തതുമാണ്. എന്നാൽ ഇക്കാര്യം പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

പഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തെരുവുവിളക്കുകളുടെ എണ്ണം താഴെചേർക്കുന്നു.

സാധാരണബൾബ്--400

ട്യൂബ്-- 1200

മെർക്കുറി ലൈറ്റുകൾ-- 25

പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം ലഭ്യമല്ല. ഇക്കാര്യത്തിൽ രേഖകൾ ആധികാരികമാക്കി സൂക്ഷിക്കേണ്ടതും വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കേണ്ടതുമാണ്.

## 3-8 വാഹനപരിപാലനം അപാകതകൾ

പഞ്ചായത്ത് വാഹനങ്ങളുടെ(KL46L7055- ബൊലേറൊ, KL46L421- ആംബുലൻസ്) പരിപാലനത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല. ജി.ഒ.(എം.എസ്)170 /2007 30/6/2007, സർക്കുലർ നം 41/2008 /ധനം.02/08/2008 എന്നീ സർക്കാർ നിർദ്ദേശങ്ങൾ ഒന്നും തന്നെ പാലിച്ചതായി കാണുന്നില്ല.

1)ഡീസൽ ഓർഡർ ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല.

2)ഇന്ധനം നിറക്കുന്നത് ഫുൾ കപ്പാസിറ്റി ആണോയെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. ലോഗ് ബുക്കിൽ ഡീസൽ നിറക്കുന്നത് കൃത്യമായി ചേർത്ത് സാക്ഷ്യപ്പെടുത്തുന്നില്ല. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഇന്ധനം നിറക്കുന്നത് സാക്ഷ്യപ്പെടുത്തുന്നില്ല.

3)യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥൻ യാത്രയെ സംബന്ധിച്ച വിവരങ്ങളോ, ദൂരമോ ചേർത്ത് ഒപ്പുവയ്ക്കുന്നില്ല. എന്താവശ്യത്തിനാണ് വാഹനം ഉപയോഗിക്കുന്നതെന്ന് യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥൻ എഴുതുന്നില്ല. ആയതിനാൽ വാഹനം വ്യക്തിഗത ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.

4)ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല. ഇന്ധനഉപഭോഗത്തെ സംബന്ധിച്ച മാസാന്ത്യസംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല. അറ്റകുറ്റപ്പണികളെ പറ്റിയുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ ചേർക്കുന്നില്ല.

5)റിപ്പയർ രജിസ്റ്റർ കൃത്യമായി എഴുതി തയ്യാറാക്കിയിട്ടില്ല.

6)6മാസത്തിലൊരിക്കൽ ഇന്ധനക്ഷമത പരിശോധിക്കുന്നില്ല. ഇന്ധനഉപഭോഗം കൃത്യമായി കണക്കാക്കാനാവുന്നില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ആവശ്യമായ എല്ലാ രേഖകളും കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 3-9 വാഹനത്തിന് ടയർ വാങ്ങൽ -- ബൈബാക്ക് ഓഫർ ഉപയോഗപ്പെടുത്തിയില്ല.

കേരള സ്റ്റോർ പർച്ചേസ് മാനവൽ 2013 (ജി ഒ പി 3/2013എസ് പിഡി 21.6.2013) ഖ.18.1 പ്രകാരം പഴയ സാധനങ്ങൾ മാറ്റി പുതിയവ വാങ്ങുമ്പോൾ പഴയ സാധനങ്ങളുടെ വിൽപ്പന ഉൾപ്പെടുത്തി ബൈ ബാക്ക് ഓഫർ നിരക്കുകൾ ഉൾപ്പെടുത്തി ക്വട്ടേഷൻ സ്വീകരിക്കാവുന്നതാണ്. ഉപയോഗയോഗ്യമല്ലാത്ത സാധനത്തിന്റെ അപ് സെറ്റ് മൂല്യം ക്ഷമതയുള്ള ഉദ്യോഗസ്ഥൻ നിജപ്പെടുത്തി ക്വട്ടേഷൻ വഴി ബൈബാക്ക് ഓഫർ അംഗീകരിക്കാം.

2017-18 വർഷം പഞ്ചായത്ത് വാഹനമായ KL46L7055ബൊലേറൊ യുടെ 2 ടയറുകളും മാറ്റി. എന്നാൽ

ബൈബാക്ക് ഓഫർ ഉപയോഗപ്പെടുത്താൻ ശ്രമിച്ചില്ല.

| വൗച്ചർ നം | തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|
| 21700056/11.4.17 | 12640 | ടയർ വേൾഡ് വീൽ അലൈൻമെന്റ്സ്, മുല്ലശ്ശേരി |

പുതിയതായി വാങ്ങിയവ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. പഴയ ഇനങ്ങൾ അൺസർവീസബിൾ ഗുഡ്സ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പട്ടികജാതിക്കാരായ പെൺകുട്ടികൾക്ക് വിവാഹധനസഹായം- അധിക തുക അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നം - 143/18

ബിൽ നം. 5/17-18 തിയതി. 28.2.18 തുക 5,00,000/-

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നല്കുന്നതിനായി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം മണികണ്ഠൻ, കുണ്ടു ഹൗസ്, പൂവ്വത്തൂർ പി ഒ എന്നവരുടെ മകളായ ഐശ്വര്യയുടെ വിവാഹത്തിന് 75,000/- രൂപ ( എസ്. ഐ ബി. അക്കൗണ്ട് നമ്പർ 162053000013143) നല്കിയിട്ടുണ്ട്. ഹാജരാക്കിയിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റ് പ്രകാരം( സർട്ടിഫിക്കറ്റ് നമ്പർ 6821/2017 തീ.20.12.17 ) 20.3.17 നാണ് വിവാഹം നടന്നിട്ടുള്ളത്. 2017-18 വർഷത്തെ മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം. 80/17/ത.സ്വ.ഭ.വ തീ.03/4/17 പ്രകാരം 75.000/-രൂപയ്ക്ക് അർഹത ടി ഉത്തരവിന്റെ തീയ്യതി മുതൽക്കാണ്. മുൻകാല പ്രാബല്യം ഇല്ല. 2016-17 പദ്ധതി കാലയളവിൽ നടന്ന വിവാഹത്തിന് ആ കാലയളവിലെ മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം. 4/2016ത.സ്വ.ഭ.വ തീ.11.1.16പ്രകാരമുള്ള 50,000/-രൂപയ്ക്കേ അർഹതയുള്ളൂ. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിൽ അധികരിച്ച് നല്കിയ 25,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.
(ഓഡിറ്റ് എൻക്വയറി 4/17-18/23.11.2018)

## 3-11 സമഗ്രനെൽകൃഷി വികസനം- വിതരണ സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ കൃഷി ഓഫീസർ

പ്രോജക്ട് നം 186/18

ബിൽ നം - 1/17-18 തിയതി 28.2.18 തുക 10,00,000/-

പദ്ധതിയിൽ നെൽ വിത്തുകൾ വാങ്ങി പാടശേഖര സമിതികൾക്ക് വിതരണം നടത്തുകയാണ് ചെയ്തിരിക്കുന്നത്. താഴെപ്പറയും പ്രകാരം 25045 കി ഗ്രാം നെൽവിത്തുകൾ കെ എസ് എസ് ഡി എ യിൽ നിന്നും വാങ്ങി 10 പാടശേഖര സമിതികൾക്കാണ് വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ പാടശേഖര സമിതികൾ കർഷകർക്ക് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ഇൻവോയ്സ് നം/തിയതി | വിത്തിനം | അളവ് (40 രൂപ നിരക്കിൽ)കി. ഗ്രാം | തുക |
|---|---|---|---|
| 112/17-18/1.6.17 | ഉമ | 3600 | 14400 |
| 242/17-18/5.6.17 | ഉമ | 3210 | 128400 |
| 947/17-18/9.9.17 | ജ്യോതി | 2875 | 115000 |
| 1236/17-18/1.11.17 | ഉമ | 10020 | 400800 |
| 1370/17-18/6.11.17 | ഉമ | 5340 | 213600 |
| | | ആകെ | 10,01,800/- |

മേൽ ബിൽ പ്രകാരം 10,00,000/- രൂപയാണ് KSSDA യ്ക്ക് കൈമാറിയിരിക്കുന്നത്. വിതരണ സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കുന്നതുവരെ ചെലവ് ചെയ്ത 10,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി- വകുപ്പ് വിഹിതം ലഭിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥ -ക്ഷീര വികസന ഓഫീസർ

പ്രോജക്ട് നം - 117/18

ബിൽ നം. - PB 1/17-18 തീയതി 26.2.18 തുക 1,00,000/- ( ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ട്രഷറി ചെക്ക് നം. 1936425/24.2.18 തുക 99,000/- ( ബ്ലോക്ക് പഞ്ചായത്ത്)

ട്രഷറി ചെക്ക് നം. 1936427/24.2.18 തുക 1,00,000/- ( ജില്ലാ പഞ്ചായത്ത്)

പദ്ധതി പ്രകാരം എളവള്ളി ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ പാൽ അളന്ന ക്ഷീരകർഷകർക്കാണ് പാലിന് സബ്സിഡി അനുവദിച്ചിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ്) 80/2017 ത.സ്വ.ഭ.വ തീയതി 3.4.17 പ്രകാരം ക്ഷീര സംഘത്തിൽ നല്കുന്ന ഒരു ലിറ്റർ പാലിന് 4/- രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്നും ക്ഷീര വികസന വകുപ്പ് നൽകുന്ന 1/- രൂപ ഉൾപ്പെടെയാണ് ഈ തുക എന്നും പറയുന്നു. ആദ്യ മാസങ്ങളിൽ ( ഏപ്രിൽ - ജൂലൈ) പാൽ അളന്നതിൽ 33334 ലിറ്ററിന് 3/- രൂപ നിരക്കിലാണ് സബ്സിഡി നൽകിയതെങ്കിലും പിന്നീടുള്ള മാസങ്ങളിൽ അളന്നിട്ടുള്ള 49,750/- ലിറ്റർ പാലിന് 4/- രൂപ നിരക്കിൽ ജില്ലാ- ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കുകയാണ് ചെയ്തിരിക്കുന്നത്. ക്ഷീര വികസന വകുപ്പ് വിഹിതം ലഭിക്കാതെ വന്നതിനാൽ പഞ്ചായത്ത് മുഴുവൻ സബ്സിഡിയും അനുവദിച്ചത് ശരിയായ നടപടിയല്ല. പദ്ധതി നടപ്പിലാക്കുമ്പോൾ വകുപ്പിൽ നിന്നും മുഴുവൻ തുകയും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്തപക്ഷം പഞ്ചായത്ത് വിഹിതം മാത്രം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-13 എസ്.എസ്.എ വിഹിതം- അനുവദനീയമായതിനേക്കാൾ അധികം ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ : പ്രധാന അദ്ധ്യാപിക

ബിൽ നം. 1/17-18 തീയതി. 31.7.17 തുക 5,00,000/-

ബിൽ നം. 2/17-18 തീയതി. 14.2.18 തുക 3,75,593/-

എസ്.എസ്.എ വിഹിതം എന്ന പദ്ധതിയിൽ ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ യ്ക്ക് മേൽ ബില്ലുകൾ പ്രകാരമുള്ള തുകകൾ കൈമാറിയിട്ടുണ്ട്. അതായത് എസ് എസ് എ യിൽ നിന്നും ഹാജരാക്കിയ എസ്റ്റിമേറ്റ് തുകയുടെ 40 %( എസ്റ്റിമേറ്റ് തുക – 2188983) എന്നാൽ എസ്.എസ്.എ യിൽ നിന്നും ഹാജരാക്കിയ ചെലവ് പത്രിക പ്രകാരമുള്ള ആകെ ചെലവ് 12,15,990/- രൂപയാണ്. ഇത് പ്രകാരം പഞ്ചായത്ത് അനുവദിക്കേണ്ടുന്ന വിഹിതം 4,86,396/- രൂപയാണ് ( ചെലവ് തുകയുടെ 40%). പഞ്ചായത്ത് അനുവദിച്ച മുഴുവൻ തുകയ്ക്കുമുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ഇത് 40 % നേക്കാൾ അധികമാണ്.,അധികം നൽകിയ തുക വരും വർഷങ്ങളിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രമില്ലാതെ ആനുകൂല്യം നൽകി

പ്രധാന അദ്ധ്യാപിക നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്കായുള്ള പദ്ധതികളിൽ, സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ്) 80/2017 ത.സ്വ.ഭ.വ തീയതി 3.4.17, ഖണ്ഡിക 11.8 (5) (6) എന്നിവ പ്രകാരം എസ്.സി വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുമ്പോൾ വകുപ്പിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ല എന്ന സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണെന്നിരിക്കെ, താഴെപ്പറയുന്ന പദ്ധതികളിലൊന്നും തന്നെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം/പേര് | ബിൽ നം / തിയതി/ തുക | ഗുണഭോക്താക്കളുടെ എണ്ണം | വാങ്ങിയ സ്ഥാപനം |
|---|---|---|---|
| 132/18, ഹൈസ്കൂൾ എസ്. സി വിദ്യാർത്ഥികൾക്ക് സൈക്കിൾ | 4/17-18/9.2.18/ 340170 | Boys – 34 Girls-35 | മെട്രോ ഏജൻസീസ് |
| 133/18, എസ്. സി പെൺകുട്ടികൾക്ക് ലാപ്ടോപ്പ് | 5/17-18/14.2.18/ 431730 | 15 | വിശ്വാസ് കമ്പ്യൂട്ടേഴ്സ്, |
| 167/18, എസ്. സി ആൺകുട്ടികൾക്ക് ലാപ്ടോപ്പ് | 6/17-18/14.2.18/ 196575 115795/22.3.18/ 4899 | 7 | വിശ്വാസ് കമ്പ്യൂട്ടേഴ്സ്, |

രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക9,73,374/- തടസ്സപ്പെടുത്തുന്നു.

## 3-15 പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടി

നിർവ്വഹണം-വെറ്ററിനറി സർജൻ

പ്രൊജക്റ്റ് നം-153/18

അടങ്കൽ-വികസനഫണ്ട്-4,00,000/-

ഗുണഭോക്തൃവിഹിതം- 4,00,000/-

ആകെ = 8,00,000/-

ചെലവ്-ട്രഷറി ബില്ല് നം 1/17-18/15.1.18-₹4,00,000/-

ഈ പദ്ധതിക്കായി 32 ഗുണഭോക്താക്കൾക്ക് 12,500/- വീതം (സംസ്ഥാനവിഹിതം ഉൾപ്പെടെ) ആകെ 4,00,000/- രൂപ എസ്.എൽ.ബി.പി ക്ക് കൈമാറിയിട്ടുണ്ട്. എളവള്ളി ക്ഷീരസഹകരണസംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്.

പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ സൈനുദ്ദീൻ, നാലകത്ത് എന്ന ഗുണഭോക്താവ് മാർച്ച് മുതൽ ഒക്ടോബർ മാസം വരെ കാലിത്തീറ്റ വാങ്ങിയിട്ടുണ്ട് അതിനുശേഷം രജിസ്റ്ററിൽ 'death' എന്നു രേഖപ്പെടുത്തിക്കാണുന്നു. ഷീജ സദാനന്ദൻ, പണിക്കവീട്ടിൽ എന്ന ഗുണഭോക്താവിന് കാലിത്തീറ്റ വിതരണം നടത്തിയതായി കാണുന്നില്ല. മേൽ രണ്ട് ഗുണഭോക്താക്കളും പദ്ധതിയിൽ പങ്കാളികളായി തുടരാത്ത പക്ഷം അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും പദ്ധതിപൂർത്തികരണത്തിന്റെ വിശദാംശവും , മേൽ പറഞ്ഞപ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡിവിഹിതം ബാക്കിതുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-16 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ-

1)പ്രൊജക്റ്റ് നമ്പർ 217/17-18

പ്രൊജക്റ്റിന്റെപേര്- സാന്ത്വന പരിചരണം

(a) ബിൽ നം 3/17-18 തീയ്യതി 28-9-17

തുക-2,45,370/-

മേൽ ബിൽ പ്രകാരം 2,22,410/- രൂപ kmsclന് സാന്ത്വന പരിചരണം പദ്ധതിയ്ക്കായി കൈമാറിയിട്ടുണ്ട്. നാളിതുവരെയായിട്ടും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

(b) ബിൽ നം 10/17-18 തീയ്യതി 28-3-18

തുക-1,95,848/-

മേൽ ബിൽ പ്രകാരം 1,95,848/- രൂപ kmscl ന് സാന്ത്വന പരിചരണം പദ്ധതിയ്ക്കായി കൈമാറിയിട്ടുണ്ട്. നാളിതുവരെയായിട്ടും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കേണ്ടതാണ്.

2)പ്രൊജക്റ്റ് നമ്പർ 223/17-18

പ്രൊജക്റ്റിന്റെപേര്- ജീവിത ശൈലി രോഗ നിയന്ത്രണങ്ങൾക്കുള്ള മരുന്നുവാങ്ങൽ.

ബിൽ നം 3/17-18 തീയ്യതി 28-9-17

തുക-25,000/-

മേൽ ബിൽ പ്രകാരം 25,000/- രൂപ kmscl ന് കൈമാറിയിട്ടുണ്ട്. നാളിതുവരെയായിട്ടും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3)മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ദേശീയ ആരോഗ്യ പ്രതിരോധ പരിപാടികളുടെ നിർവഹണം (പ്രൊജക്റ്റ് നം-97/17-18 spill over)ദേശീയ ആരോഗ്യ പ്രതിരോധ പരിപാടികളുടെ നടത്തിപ്പ് (പ്രൊജക്റ്റ് നം-225/17-18 )എന്നിവയ്ക്കായി ധനകാര്യ കമ്മീഷൻ ഗ്രാൻറ് വിനിയോഗിച്ചതായി കാണുന്നു. ജി ഒ (എം എസ് ) നം 72/2017 ത.സ്വ.ഭ.വ ഖണ്ഡിക 13.8 പ്രകാരം മേൽ പ്രതിപാദിച്ച വിഷയങ്ങൾക്ക് ധനകാര്യ കമ്മീഷൻ ഗ്രാൻറ് വിനിയോഗിക്കാൻ കഴിയില്ല.
ഫണ്ട് വകയിരുത്തുന്ന കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയും ഭരണസമിതിയും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-17 ഹോംകോയിൽ നിന്നും മരുന്ന് വാങ്ങൽ

പ്രോജക്റ്റ് നമ്പർ – 208/17-18
നമ്പർ – 1/17-18 തീയ്യതി: 15/01/18
തുക – 1,50,000/-
ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ 1,50,000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ എൽ.എഫ്.1153/6-9-18 പ്രകാരം 50,000/- രൂപയ്ക്കുള്ള മരുന്നും, ഇൻവോയ്സ് നമ്പർ എൽ.എഫ്.1151/6-9-18 പ്രകാരം 1,00,000/- രൂപയ്ക്കുള്ള മരുന്നും വന്നിട്ടുണ്ട്. ഇതിൽ ആദ്യത്തെ ബില്ലിൽ നിന്നും 1,692/- രൂപയും, രണ്ടാമത്തെ ബില്ലിൽ നിന്നും 3,375/- രൂപയും അടക്കം ആകെ 5,067/- രൂപ ഫ്രൈറ്റ് ചാർജ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻ മരുന്നിന് തുക കൈമാറുമ്പോൾ ഹോംകോയുമായി മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് കരാർ വയ്ക്കുന്നില്ല. ആയതിനാൽ ഹോംകോയുമായി കരാറിലേർപ്പെടേണ്ടതും, മുഴുവൻ തുകക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻക്വയറി നം. 12/17-18 തീയതി 27-11-2018)

## 3-18 അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് അംഗൻവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | | എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളുടെ എണ്ണം | 25 | |
| 2 | അംഗൻവാടി കുട്ടികളുടെ എണ്ണം | 942 | |
| 3 | സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 24 | |
| 4 | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | 1 | |
| 5 | അംഗൻവാടി കെട്ടിടം സുരക്ഷിതത്വമുള്ളതാണെന്ന് L.S.G.D. | അംഗണവാടി നമ്പർ 68 unfit ആക്കി ലഭിയ്ക്കുന്നതിന് | |

| | | | |
|---|---|---|---|
| | എഞ്ചിനീയർ/ഓവർസീയർ സാക്ഷ്യപ്പെടുത്തിയത് | അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല | |
| 7 | ശൗച്യാലയങ്ങളുള്ളത് | 25 | |
| 8 | ചുറ്റുമതിലുള്ളത് | 13 | |
| 9 | വൈദ്യുതീകരിച്ചത് | 25 | |
| 10 | വാട്ടർ കൺക്ഷനുള്ളത് | 25 | |
| 11 | ധാന്യ സംഭരണിയുള്ളത് | 25 | |
| 12 | എൽ.പി.ജി. കണക്ഷനുള്ളത് | 25 | |
| 13 | ബേബി ഫ്രണ്ട്ലിയായത് | 23 | |
| 14 | 31-03-2017 തിയ്യതിയിൽ അംഗൻവാടി പോഷകാഹാര വിതരണത്തിനായി കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ, ഗ്രാമപഞ്ചായത്ത് കൈവശം നീക്കിയിരിപ്പുള്ള തുക | 368723 | |
| 15 | നിരീക്ഷണ കമ്മിറ്റി രൂപികരിച്ച അംഗൻവാടികളുടെ എണ്ണം | 25 | |
| 16 | നിരീക്ഷണ കമ്മിറ്റി യോഗങ്ങളുടെ എണ്ണം | 200 | |
| 17 | അംഗൻവാടിയിൽ വിതരണം പോഷകാഹാരം സംബന്ധിച്ച്, നിരീക്ഷണ കമ്മിറ്റി പരാതിയെന്തെങ്കിലും അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല | |
| 18 | സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010-ലെ ഐ.സി.ഡി.എസ്.ബി-3 -312/2010 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം പരിശോധിച്ചതിന്റെ വിശദാംശം | പരിശോധനയ്ക്ക് അയച്ചതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല | |

മേൽ വിശദാംശത്തിൽ നിന്നും പഞ്ചായത്തിലെ 1 അങ്കണവാടിക്ക് സ്വന്തമായി കെട്ടിടം ഇല്ലായെന്ന് വ്യക്തമാകുന്നത്. കൂടാതെ സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികൾക്കും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്ലി ടോയിലറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉള്ളതായിട്ടാണ് മേൽ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. കേന്ദ്രവിഹിതമായി അനുവദിച്ച തുകയിൽ ഗ്രാമപഞ്ചായത്ത് കൈവശം 3,68,723/- രൂപ നീക്കിയിരിപ്പുള്ളതായിട്ടാണ് വാർഷിക കണക്കിൽ നിന്നും വ്യക്തമാക്കുന്നത്. ഈ തുക സ ഉ നം 39033/ഡി സി.2/2010 ത.സ്വ.ഭ.വ 3/9/10 ന് വിധേയമായി അങ്കണവാടികളുടെ അടിസ്ഥാന

സൗകര്യവികസനത്തിന് വിനിയോഗിക്കാവുന്നതാണ്. സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചുനല്കുന്നതിനും unfit ആയ കെട്ടിടം fit ആക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-19 വാഹനറിപ്പയർ-- സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

സർക്കാർ ഉത്തരവ് (എം എസ്)170/07 ത.സ്വ.ഭ.വ തീയതി 30.6.2007.

മേൽ ഉത്തരവ് പ്രകാരം വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചുമതല കസ്റ്റോഡിയൻ ഓഫീസർക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആണ്. റിപ്പയർ ആവശ്യമാണെങ്കിൽ ഡ്രൈവർ റിപ്പോർട്ട് കസ്റ്റോഡിയൻ ഓഫീസർക്കോ എഞ്ചിനീയർ മുഖാന്തിരമോ നൽകേണ്ടതാണ്. പതിനായിരം രൂപയിൽ താഴെ ചെലവ് വരുന്നവ ഭരണസമിതിയുടെ അംഗീകാരത്തോടെ സർക്കാർ അംഗീകാരമുള്ള ഒരു വർക്ക്ഷോപ്പ് മുഖേന കസ്റ്റോഡിയൻ ഓഫീസർക്ക് ചെയ്യിക്കാവുന്നതാണ്. സർക്കാർ അംഗീകാരമില്ലാത്ത വർക്ക്ഷോപ്പ് ആണെങ്കിൽ ക്വട്ടേഷൻ മുഖാന്തിരമാണ് പ്രവൃത്തി ചെയ്യിക്കേണ്ടത്. പതിനായിരം രൂപക്ക് മേൽ ചെലവ് വരുന്നവ ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി മൽസരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യേണ്ടതാണ്. എസ്റ്റിമേറ്റ് കസ്റ്റോഡിയൻ ഓഫീസറോ, എഞ്ചിനീയറോ കണക്കാക്കേണ്ടതാണ്.

പഞ്ചായത്ത് വാഹനം(KL46L7055-ബൊലേറൊ)റിപ്പയർ ചെയ്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| 21701261/9.3.18 | 10766 | ഇറാം മോട്ടോഴ്സ്, കുട്ടനെല്ലൂർ |
| 21701262/9.3.18 | 12436 | |
| 21700856/17.11.17 | 10122 | |
| 21700551/22.8.17 | 25349 | |

മേൽപ്പറഞ്ഞ റിപ്പയർ പ്രവൃത്തികൾ ചെയ്തതിൽ ഭരണസമിതിയുടെ അംഗീകാരത്തോടെ മത്സരസ്വഭാവമുള്ള ക്വട്ടേഷൻ സ്വീകരിക്കുകയോ മറ്റു നടപടികൾ എടുക്കുയോ ചെയ്തിട്ടില്ല.
ഭാവിയിൽ സർക്കാർ ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-20 കുടിവെള്ള പദ്ധതികൾ---- ജലനിധി പദ്ധതി നടപ്പാക്കിയതിന് ശേഷവും തുക ചെലവഴിക്കുന്നു.

പഞ്ചായത്തിൽ 2016 സെപ്റ്റംബറിൽ ജലനിധി പദ്ധതി ഉദ്ഘാടനം ചെയ്തതാണ്. ഈ പദ്ധതി പ്രകാരം 16 വാർഡുകളിലായി 3012 കുടിവെള്ള ടാപ്പുകൾ ഉണ്ട്. എന്നിട്ടും പഞ്ചായത്ത് 11 കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്, 2പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നീ ഇനങ്ങളിൽ തുക ചെലവഴിച്ച് കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്തിൽ നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കുടിവെള്ള പദ്ധതി |
|---|---|
| 1 | ചേലൂർകുടിവെള്ള പദ്ധതി |
| 2 | വാക AKGകുടിവെള്ള പദ്ധതി |
| 3 | ഏറത്ത് മൂലകുടിവെള്ള പദ്ധതി |
| 4 | കാട്ടേരി കുടിവെള്ള പദ്ധതി |
| 5 | കടവല്ലൂർകുടിവെള്ള പദ്ധതി |

| | |
|---|---|
| 6 | കാക്കശ്ശേരികുടിവെള്ള പദ്ധതി |
| 7 | O K വൈദ്യർ കിണർ കുടിവെള്ളപദ്ധതി |
| 8 | ഗാന്ധിസ്മാരകകുടിവെള്ളപദ്ധതി |
| 9 | വിളക്കിത്തലകുടിവെള്ള പദ്ധതി |
| 10 | 10 ാം വാർഡ് കുടിവെള്ള പദ്ധതി |
| 11 | പറക്കാട് ചിറ്റാട്ടുകര കുടിവെള്ള പദ്ധതി |

മാത്രമല്ല ഇത്തരം കുടിവെള്ള പദ്ധതികൾ നിലവിൽ അത്യാവശ്യമാണെങ്കിൽ സർക്കാർ ഉത്തരവ് (എം.എസ്)നം, 80/17/ത.സ്വ.ഭ.വ തീയതി.3.4.17ഖണ്ഡിക 15 പ്രകാരം കുടിവെള്ള പദ്ധതികളുടെ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങളെ ഉൾപ്പെടുത്തി ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതും, പദ്ധതിയുടെ തുടർനടത്തിപ്പും, അറ്റകുറ്റപ്പണിയുടെ ചുമതലയും അത്തരം ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതാണ്. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 കുടിവെള്ളവിതരണം --അപാകതകൾ

2017-18 വർഷം പഞ്ചായത്ത് പരിധിയിൽ കുടിവെള്ളവിതരണം നടത്തുന്നതിന് ആകെ 8,17,729/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം | തുക |
|---|---|
| 21700229/19.5.17 | 145200 |
| 21700235/19.5.17 | 131340 |
| 21700300/3.6.17 | 197670 |
| 21700301/3.6.17 | 200000 |
| 21700307/3.6.17 | 123493 |
| 21700309/3.6.17 | 7840 |
| 21700302/3.6.17 | 12186 |
| ആകെ | 8,17,729/- |

അപാകതകൾ

1.ശുദ്ധജലസ്രോതസ്, കുടിവെള്ളത്തിന്റെ ശുദ്ധത, ടാങ്കർ ലോറിയുടെ കപ്പാസിറ്റി എന്നിവ ആരും പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.വ്യത്യസ്ത കപ്പാസിറ്റിയുള്ള ലോറികളിൽ (12000L,6000L,5000L)വെള്ളം വിതരണം നടത്തിയതായാണ് ട്രിപ്പ് ഷീറ്റിൽ ചേർത്തിട്ടുള്ളത്.

3.കുടിവെള്ളം ഓരോ സ്ഥലത്തും ഏത് തീയതികളിൽ എത്ര ലിറ്റർ ആർക്കെല്ലാം വിതരണം ചെയ്തുവെന്ന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.ഭരണസമിതിയുടെ 21.3.17 ലെ 63(3)നം.തീരുമാനപ്രകാരം മൂന്നുലക്ഷം രൂപ പരിധിയിൽ പഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചത്. അതിനനുസരിച്ചാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. കൂടുതൽ തുകക്ക് കുടിവെള്ളം വിതരണം നടത്തിയതിന് കാരണം വ്യക്തമല്ല.
അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-22 ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല.

a)വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

2017-18 വർഷം പഞ്ചായത്ത് ചെലവഴിച്ച താഴെ ചേർത്തിട്ടുള്ള തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ചെലവിനം | ബിൽ നം./തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|
| 1 | 243/18-ഭിന്നശേഷിക്കാർക്ക് റിസോഴ്സ് സെന്റർ | 18/17-18 /25.1.18-50,000/- | ജില്ലാപഞ്ചായത്ത് |
| 2 | 242/18-IMAബ്ലഡ് ബാങ്ക് വിഹിതം | 17/17-18 /25.1.18-1,00,000/- | ജില്ലാപഞ്ചായത്ത് |
| 3 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റ് ചെയ്യൽ | വൗച്ചർ നം21701094/25.1.18--10,000/- | KSEB |
| 4 | കേരളോത്സവം | വൗച്ചർ നം21700645/7.9.17--10000 | ആലീസ് പോൾ,സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ |
| 5 | കേരളോത്സവം | വൗച്ചർ നം21700647/8.9.17--15000 | ആലീസ് പോൾ,സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ |

b)കൈപ്പറ്റ് രസീതി ലഭ്യമാക്കിയിട്ടില്ല.

1.പഞ്ചായത്ത് വാഹനം KL46L421 ന്റെ വാഹനനികുതി അടവാക്കുന്നതിനായി വൗച്ചർ നം.21700570/22.8.17 പ്രകാരം 3,000/- രൂപ പിൻവലിച്ചതിന്റെ രസീതി ലഭ്യമായിട്ടില്ല.

2.2013-14ൽഗാർഹിക ബയോഗ്യാസ് പ്ലാന്റ് പദ്ധതിക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാത്ത 42,000/- രൂപ വൗച്ചർ നം.21701436/24.3.18 പ്രകാരം ശുചിത്വമിഷന്റെ ജില്ലാമിഷൻ കോർഡിനേറ്റർക്ക് നൽകിയതിന് കൈപ്പറ്റ് രസീതി ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 2,30,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-23 ഉൽപാദനബോണസ് വിതരണം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി ട്രഷറി ബിൽ നം.28/17-18തീയതി 27.3.18 പ്രകാരം ഉൽപാദനബോണസ് കർഷകർക്ക് വിതരണം ചെയ്യുന്നതിന് 2,00,000/- രൂപ പിൻവലിച്ച് കൃഷി ഓഫീസറുടെ സ്പെഷൽ ട്രഷറി അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.71306140000004)നൽകി.

എന്നാൽ നാളിതുവരെ തുക കർഷകർക്ക് വിതരണം ചെയ്തിട്ടില്ല. കർഷകർക്ക് വിതരണം ചെയ്യുന്നതിനായി സർക്കാർ ലഭ്യമാക്കുന്ന തുക യഥാസമയം വിതരണം ചെയ്യാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. അർഹതയുള്ള കർഷകർക്ക് തുക വിതരണം ചെയ്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ തുക തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 15/28.11.2018)

## 3-24 അർഹതയുള്ള ജീവനക്കാർക്ക് ബോണസ് അനുവദിച്ചിട്ടില്ല

സർക്കാർ ഉത്തരവ്(അച്ചടി)107/17 ഫിൻ തീയതി 16.8.17 പ്രകാരം 31.3.17 ന് 24,000/-രൂപയോ അതിൽ കുറവോ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് 4,000/-രൂപ ബോണസിന് അർഹതയുണ്ട്. എന്നാൽ പഞ്ചായത്തിലെ അർഹതയുള്ള ജീവനക്കാർക്ക് ബോണസ് അനുവദിച്ചിട്ടില്ല.

| ജീവനക്കാരൻ | മൊത്ത ശമ്പളം |
|---|---|
| സിനി.സി.ജെ, ക്ലർക്ക് | 22230 |
| മിഥു എൻ.വി, ക്ലർക്ക് | 21660 |
| ഷിജ.സി.ജെ,ഓഫീസ് അറ്റൻഡന്റ് | 18810 |

ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിൽ പഞ്ചായത്ത് അധികൃതർ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-25 ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല.

പഞ്ചായത്തിൽ 2016-17, 17-18 വർഷങ്ങളിൽ ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല. എല്ലാവർഷവും പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുന്നുണ്ട്. എന്നാൽ പദ്ധതി നടപ്പാക്കുന്നില്ല.

വിശദാംശങ്ങൾ

| വർഷം | പദ്ധതി | അടങ്കൽ |
|---|---|---|
| 2016-17 | ആശ്രയഭവനറിപ്പയർ | 100000 |
| 2017-18 | ആശ്രയഭവനറിപ്പയർ (സ്പിൽ ഓവർ) | 25000 |

ഒന്നാംഘട്ടത്തിൽ 54 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. ഭരണസമിതിയുടെ 29.7.17 ലെ 1(1) തീരുമാനപ്രകാരം രണ്ടാംഘട്ടത്തിനായി 50 ആശ്രയഗുണഭോക്താക്കളെ അംഗീകരിച്ചു.

| ഇനം | ആദ്യഘട്ടം | രണ്ടാംഘട്ടം |
|---|---|---|
| വീടിന് സ്ഥലം ആവശ്യമുള്ളവർ | 9 | 5 |
| ലഭിച്ചവർ | 3 | 0 |
| വീട് ആവശ്യമുള്ളവർ | 25 | 11 |
| ലഭിച്ചവർ | 10 | 0 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 21 | 13 |
| ലഭിച്ചവർ | 11 | 0 |

ആശ്രയ പദ്ധതിക്കായി ചിറ്റാട്ടുകര സർവീസ് കോപ്പറേറ്റീവ് ബാങ്കിൽ 6173 ാം നമ്പർ അക്കൗണ്ടാണ് ഉള്ളത്. 31.3.18 ന് അക്കൗണ്ടിൽ 7,37,487/-രൂപ ബാക്കിയുണ്ട്.

ആശ്രയ കാഷ്ബുക്ക് പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | തുക |
|---|---|
| 22.2.12 | 125000 |
| 23.2.12 | 375000 |
| 30.4.12 | 37450 |
| 07.06.06 | 660000 |
| 13.03.17 | 611333 |

ഭരണസമിതിയുടെ 29.7.17 ലെ 1(1) തീരുമാനപ്രകാരം 6,66,000/- രൂപയുടെ പലിശ 2,68,814/- രൂപക്ക് പോഷകാഹാരകിറ്റ് വിതരണം ചെയ്ത നടപടി അംഗീകരിച്ചു. മറ്റ് പദ്ധതികൾ പ്രകാരമുള്ള സഹായങ്ങൾ ആശ്രയ ഗുണഭോക്താക്കൾക്ക് നൽകുന്നില്ല.

ജി.ഒ(എം.എസ്)362/13/ത.സ്വ.ഭ.വ തീയതി 16.11.13 അനുബന്ധം 14 ഖണ്ഡിക 67(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 68(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം.

ജിഒ(എം എസ്)72/17 LSGD തീയതി.29.3.17 പ്രകാരം ആശ്രയ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് വിശദമായ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി സ്ഥല/ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. രണ്ടാം ഘട്ട പദ്ധതിയിൽ ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രൊജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 157000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 157000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 99000 | ക്ഷീരസംഘങ്ങൾ മുഖേന പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 99000 | 0 |
| ബ്ലോക്ക് | 2017-18 | 1400000 | മാലിന്യസംസ്കരണത്തിനായി | 280000 | 1120000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വ്യവസായ എസ്റ്റേറ്റിൽ കെട്ടിടം | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 213900 | ഷ്രഡ്ഡിംഗ് &ബെയ്ലിംഗ് യൂണിറ്റ് | - | 213900 |
| ജില്ലപഞ്ചായത്ത് | 2017-18 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലപഞ്ചായത്ത് | 2017-18 | 100000 | ക്ഷീരസംഘങ്ങൾ മുഖേന പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ജലസേചന വകുപ്പ് | മൂക്കോല ചെക്ക് ഡാം | - | 800000 | ഇല്ല | 800000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഉപഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 2702/2010/ ത.സ്വ.ഭ.വ. തീയ്യതി 12.8.10 (ഡി.ബി) | 5931939 | 1800000 | 525000 | - | 1275000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 13,800/- |
| തൻവർഷം നിക്ഷേപിച്ച തുക | 0/- |
| ആകെ | 13,800/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0/- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13,800/ |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ചിറ്റാട്ടുകരസർവ്വീസ് സഹകരണ ബാങ്ക്,പി പി ദേവസി ഷഷ്ടിപൂർത്തിസ്മാരകപുരസ്കാരം | | | 7000 | |
| 2 | ചിറ്റാട്ടുകരസർവ്വീസ് സഹകരണ ബാങ്ക് പി.കെ.ബാലകൃഷ്ണൻസ്മാരകപുരസ്കാരം | | | 800/- | |
| 3 | തൃശ്ശൂർ സഹകരണസ്പിന്നിംഗ് മിൽ നിക്ഷേപം | | | 1000 | |
| 4 | വാഴാനിവിരുപ്പാക്കസ്പിന്നിംഗ് മിൽ നിക്ഷേപം | | | 5000 | |
| ആകെ | | | | 13,800/- | |

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക കണക്കുകളിലെ RP-10 പ്രകാരം 2,150/- രൂപ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2014-15 | 2.6 | 2016-17 | 2.6 | മൊബൈൽ ടവർ വസ്തു നികുതി അടവാക്കാത്തത് സംബന്ധിച്ച്- ഇൻഡസ് ടവർ, SR ടെലികമ്മ്യൂണ്‌ക്കേഷൻ എന്നിവർ 17-18 വരെ യുള്ള വസ്തു നികുതി അടവാക്കിയിട്ടുണ്ട്. രസീതി നം. 1170305000022/30.03.2018 , രസീത് നം. 117030400009/19.03.2018 | |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരങ്ങൾ ലഭ്യമല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരങ്ങൾ ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 121676867 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 116102505 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 25000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3203374 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | ഇല്ല | 25000 | കെ മായാദേവി,അസി സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 800000 | സുജ ജോർജ്ജ്,അസി. എൻജിനീയർ |

| | | |
|---|---|---|
| 3-11 | 1000000 | റിയജോസഫ്, കൃഷി ഓഫീസർ |
| 3-14 | 973374 | ഉഷ.കെ ടി ഹെഡ്മിസ്ട്രസ് |
| 3-22 | 28000 | ടി വി ശിവദാസൻ,സെക്രട്ടറി |
| 3-22 | 202000 | ശ്രീകാന്ത് പി എസ്, സെക്രട്ടറി |
| 3-23 | 200000 | റിയജോസഫ്, കൃഷി ഓഫീസർ |
| ആകെ | 3203374 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| 3-10 | അസിസ്ററൻൻറ് സെക്രട്ടറി, ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് | മായാദേവി കെ ചീരാളത്ത് ഹൗസ് എരനെല്ലൂർ പി ഒ കേച്ചേരി |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1981 മുതൽ 1988 വരെ | എൽ എഫ് ടി 11-1084/98/26.07.98 | |
| 88-89 മുതൽ 89-90 വരെ | എൽ എഫ് ടി 11-148/94/20.10.94 | |
| 90-91 | ടി | |
| 91-92 | എൽ എഫ് ടി 11-626/93/20.11.93 | |
| 92-93 | ടി | |
| 93-94 | ടി | |
| 94-95 | എൽ എഫ് ടി 15-1239/04/28.01.05 | |
| 95-96 | എൽ എഫ് ടി 15-1238/04/17.02.05/ 07.06.05 | |
| 96-97 | എൽ.എഫ്.ടി.15-1240/04/07.02.05 | |
| 97-98 | എൽ എഫ് ടി 15-1237/04/08.02.05/ 07.06.05 | |

| | | |
|---|---|---|
| 98-99 | എൽ എഫ് ടി 15-1236/04/14.02.05/ 01.07.05 | |
| 99-2000 | എൽ എഫ് ടി 15-1811/17.02.06 | |
| 99-2000-2000-01<br>2001-02<br>ജനകീയആസൂത്രണം | എൽ എഫ് ടി 15-1016/04/16.4.04/ 13.07.04 | |
| 2000-01-2001-02 | എൽ എഫ് ടി 15-2377/07/09.11.07 | |
| 2002-03 | എൽ എഫ് ടി 15-1052/08/21.04.10 | |
| 2003-04 | എൽ എഫ് ടി 15-1053/08/21.04.10 | |
| 2004-05 | എൽ എഫ് ടി 15-210/09/22.04.10/ 05.06.10 | |
| 2005-06 | എൽ എഫ് ടി 15-420/10/13.09.10 | |
| 2006-07 | എൽ എഫ് ടി 15-421/10/14.09.10/ 14.02.11 | |
| 2007-08 | എൽ എഫ് ടി പി7)374/11/11.03.11 | |
| 2008-09 | എൽ എഫ് ടി (പി7)375/11/15.03.11 | |
| 2009-10 | എൽ എഫ് ടി (പി7)376/11/16.03.11/ 31.03.11 | |
| 2010-11 | എൽ എഫ് ടി (പി1)2407/12/16.07.13 | |
| 2011-12 | എൽ എഫ് ടി (പി1)714/13/16.08.13/ 05.10.13 | |
| 2012-13 | എൽ എഫ് ടി (പി5)58/2014/ 12.08.14/ 18.09.14 | |
| 2013-14 | കെ എസ് എ-ടി എസ് ആർ (പി5)190/15<br>08.07.15 /28.09.15 | |
| 2014-15 | കെ എസ് എ-ടി എസ് ആർ (പി5)932/16 തീയ്യതി 13.06.16 | |
| 2015-16 | കെ എസ് എ-ടി എസ് ആർ (പി5)2126/16<br>തീ. 16.1.17/ 31.1.17 | |
| 2016-17 | കെ എസ് എ-ടി എസ് ആർ (പി5)1640/17<br>തീ. 30.11.17/ 28.12.17 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ

# അനുബന്ധം -2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം ( Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ